സൂറഃ-7

# അൽ അഅ്റാഫ്

﴿وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ
مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ﴿٦٥﴾
قَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى سَفَاهَةٍ وَإِنَّا لَنَظُنُّكَ
مِنَ ٱلْكَٰذِبِينَ ﴿٦٦﴾
قَالَ يَٰقَوْمِ لَيْسَ بِى سَفَاهَةٌ وَلَٰكِنِّى رَسُولٌ مِّن رَّبِّ ٱلْعَٰلَمِينَ
﴿٦٧﴾
أُبَلِّغُكُمْ رِسَٰلَٰتِ رَبِّى وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ ﴿٦٨﴾
أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ ۚ
وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ قَوْمِ نُوحٍ وَزَادَكُمْ فِى
ٱلْخَلْقِ بَصْۜطَةً ۖ فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ لَعَلَّكُمْ تُفْلِحُونَ ﴿٦٩﴾

**65.** ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും നാം പ്രവാചകനായി നിയോഗിച്ചിരുന്നു. അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ വേറൊരു ദൈവവും നിങ്ങൾക്കില്ല. നിങ്ങൾ അവനോട് ഭക്തിയുള്ളവരാവാത്തതെന്ത്?

**66.** ആ ജനത്തിൽ അദ്ദേഹത്തെ നിഷേധിച്ച പ്രമാണിമാർ ഘോഷിച്ചു: തീർച്ചയായും നീ മൂഢതയിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു. നീ കള്ളം പറയുന്നുവെന്നാണ് ഞങ്ങൾ കരുതുന്നത്.

**67.** എന്റെ ജനമേ, എനിക്കൊരു മൗഢ്യവുമില്ല. പ്രത്യുത ഞാൻ പ്രപഞ്ചവിധാതാവിങ്കൽനിന്നുള്ള ദൂതനത്രെ.

**68.** എന്റെ നാഥന്റെ സന്ദേശങ്ങളാണ് ഞാൻ നിങ്ങൾക്കെത്തിച്ചുതരുന്നത്. നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയാകുന്നു ഞാൻ.

**69.** നിങ്ങൾക്ക് മുന്നറിയിപ്പാകാൻ, സ്വജനത്തിൽ പെട്ട ഒരാളിലൂടെ വിധാതാവിന്റെ സന്ദേശം വന്നെത്തുന്നതിൽ അത്ഭുതപ്പെടുന്നുവോ? നൂഹിന്റെ ജനത്തിനുശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കിയതും വർധിച്ച ഘടനാബലമരുളിയതും ഓർക്കുവിൻ. അല്ലാഹുവിന്റെ ശക്തിവിശേഷങ്ങളും ഓർക്കുവിൻ; നിങ്ങൾ വിജയം പ്രാപിക്കാൻ.

وَإِلَىٰ عَادٍ = ആദി(സമുദായത്തി)ലേക്ക് (നാം പ്രവാചകനായി നിയോഗിച്ചിരുന്നു) أَخَاهُمْ = അവരുടെ സഹോദരൻ

هُودًا = ഹൂദിനെ قَالَ = അദ്ദേഹം പറഞ്ഞു (അവരെ ഉദ്ബോധിപ്പിച്ചു) يَٰقَوْمِ = എന്റെ ജനമേ

ٱعْبُدُوا۟ ٱللَّهَ = നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുക, അടിമപ്പെടുക, ആരാധിക്കുക مَا لَكُم = നിങ്ങൾക്ക് ഇല്ല

مِّنْ إِلَٰهٍ = ദൈവത്താൽ (ഒരു ദൈവവും) യാതൊന്നും غَيْرُهُۥٓ = അവനല്ലാതെ (വേറെ)

أَفَلَا تَتَّقُونَ = നിങ്ങൾ (അവനോട്) ഭക്തിയുള്ളവരാവാത്തതെന്ത്, ഭയപ്പെടുന്നില്ലേ, അധർമത്തിൽനിന്ന് മുക്തരാകുന്നില്ലേ

قَالَ ٱلْمَلَأُ = പ്രമാണിമാർ പറഞ്ഞു ٱلَّذِينَ كَفَرُوا۟ = (അദ്ദേഹത്തെ) നിഷേധിച്ചവരായ

مِن قَوْمِهِۦٓ = അദ്ദേഹത്തിന്റെ സമുദായത്തിൽ (ആ ജനത്തിൽ)നിന്നുള്ള إِنَّا = തീർച്ചയായും ഞങ്ങൾ

لَنَرَىٰكَ = നിന്നെ കാണുകതന്നെ ചെയ്യുന്നു فِى سَفَاهَةٍ = വിഡ്ഢിത്തത്തിൽ (മൂഢതയിലകപ്പെട്ടതായി)

وَإِنَّا لَنَظُنُّكَ = തീർച്ചയായും ഞങ്ങൾ നിന്നെ കരുതുകതന്നെ ചെയ്യുന്നു (കരുതുന്നത്)

مِنَ ٱلْكَٰذِبِينَ = കള്ളം പറയുന്ന(ന്നുവെന്നാണ്)വരിൽ പെട്ടവനായി قَالَ = അദ്ദേഹം പറഞ്ഞു يَٰقَوْمِ = എന്റെ ജനമേ

لَيْسَ بِي = എനിക്കില്ല سَفَاهَةٌ = യാതൊരു വിഡ്ഢിത്തവും (മൗഢ്യവും) وَلَٰكِنِّي = പ്രത്യുത ഞാൻ

رَسُولٌ = ദൂതനാകുന്നു مِّن رَّبِّ = വിധാതാവിങ്കൽനിന്നുള്ള ٱلْعَٰلَمِينَ = ലോകങ്ങളുടെ (പ്രപഞ്ച)

أُبَلِّغُكُمْ = (ഞാൻ) നിങ്ങൾക്ക് എത്തിച്ചുതരുന്നു(ന്നത്) رِسَٰلَٰتِ رَبِّى = എന്റെ നാഥന്റെ സന്ദേശങ്ങൾ(ആണ്) وَأَنَا۠ = ഞാൻ

لَكُمْ = നിങ്ങൾക്ക്(ളുടെ) نَاصِحٌ = ഗുണകാംക്ഷിയാകുന്നു أَمِينٌ = വിശ്വസ്തനായ

أَوَعَجِبْتُمْ = നിങ്ങൾ അത്ഭുതപ്പെട്ടു(ടുന്നു)വോ? أَن جَآءَكُمْ = നിങ്ങൾക്ക് വന്നെത്തിയ(ത്തുന്ന)തിൽ

ذِكْرٌ = ഉദ്ബോധനം, സന്ദേശം مِّن رَّبِّكُمْ = നിങ്ങളുടെ വിധാതാവിങ്കൽനിന്ന്(വിന്റെ) عَلَىٰ رَجُلٍ = ഒരു പുരുഷനി(ആളി)ലൂടെ

مِّنكُمْ = നിങ്ങളി(സ്വജനത്തി)ൽപെട്ട لِيُنذِرَكُمْ = നിങ്ങൾക്ക് മുന്നറിയിപ്പു തരാൻ (ആകാൻ) وَٱذْكُرُوٓا۟ = ഓർക്കുവിൻ

إِذْ جَعَلَكُمْ = അവൻ നിങ്ങളെ ആക്കിയത് خُلَفَآءَ = പ്രതിനിധികൾ مِنۢ بَعْدِ قَوْمِ نُوحٍ = നൂഹിന്റെ ജനത്തിനു ശേഷം

وَزَادَكُمْ = നിങ്ങൾക്ക് വർധിപ്പിച്ചുതരും(വർധിച്ച) فِى ٱلْخَلْقِ = സൃഷ്ടിയിൽ, ഘടനയിൽ, ശരീരത്തിൽ (ഘടന)

بَصْۜطَةً = കഴിവ്, ശേഷി, വിശാലത (ബലം) فَٱذْكُرُوٓا۟ = അതിനാൽ നിങ്ങൾ ഓർക്കുവിൻ

ءَالَآءَ ٱللَّهِ = അല്ലാഹുവിന്റെ അടയാളങ്ങളെ (ശക്തിവിശേഷങ്ങളെ) لَعَلَّكُمْ تُفْلِحُونَ = നിങ്ങൾ വിജയം പ്രാപിക്കാൻ

**65-68:** നൂഹ്ജനതക്കു ശേഷം ഏറ്റവും പൗരാണികമായ ജനതയാണ് ആദ് ജനത. ആദ് ഇറം, ഇറമു ആദ് എന്നിങ്ങനെയും ഇവർ അറിയപ്പെടുന്നു. അറബികളുടെയും അറബിഭാഷയുടെയും ഉത്ഭവം ഇവരിൽനിന്നാണെന്ന് കരുതപ്പെടുന്നു. പുരാതനം എന്നതിന്റെ പര്യായമായി അറബികൾ 'ആദിയ്യ്' എന്നു പറയാറുണ്ട്. ആദ്യമായി അറബി സംസാരിച്ചത് ഹൂദ് നബി(അ)യാണെന്നാണ് ഐതിഹ്യം. നൂഹ് നബി(അ)യുടെ പുത്രൻ സാമിന്റെ പുത്രൻ ഇറമിന്റെ പുത്രൻ ഔസിന്റെ പുത്രൻ ആദ് ആണീ വംശത്തിന്റെ കുലപതി. ആദിന്റെ പിതാമഹൻ ഇറം വസിച്ചിരുന്നത് ബാബിലോണിലാണത്രെ. ആദിന്റെ കാലത്ത് അവർ ഇന്ന് അഹ്ഖാഫ് എന്നറിയപ്പെടുന്ന പ്രദേശത്തേക്ക് കുടിയേറി. യമനിനും ഹദ്ർ മൗത്തിനും ഇടയിലാണ് അഹ്ഖാഫ് സ്ഥിതിചെയ്യുന്നത്. ആദ്‌വംശം അവിടെനിന്ന് ചുറ്റുമുള്ള പ്രദേശങ്ങളിൽ പരക്കുകയും വിപുലമായ നാഗരികത കെട്ടിപ്പടുക്കുകയും ചെയ്തു.

ആദ് ജനത വളരെ ദീർഘകായന്മാരും അതിബലവാന്മാരും കൗശലക്കാരുമായിരുന്നു. അവരുടെ ഉയരത്തെക്കുറിച്ച് 12 മുഴം, 60 മുഴം, 80 മാറ് എന്നിങ്ങനെയൊക്കെ ഐതിഹ്യമുണ്ട്. ഈ ഉയരത്തിനൊത്ത വണ്ണവും ഉണ്ടായിരുന്നുവത്രെ. അവരുടെ വിളകളും ഉപകരണങ്ങളുമെല്ലാം അതിനൊത്തതായിരുന്നു. ആദുകാരുടെ അനാർ പഴത്തിന്റെ തോടിനുള്ളിൽ പത്തു പേർക്ക് ഇരിക്കാൻ കഴിയുമായിരുന്നുവത്രെ. ഇതിലൊക്കെ അതിശയോക്തികൾ ഉണ്ടാവാം. എങ്കിലും ഇന്നത്തെ മനുഷ്യരെ അപേക്ഷിച്ച് വളരെ ദീർഘകായന്മാരും ആജാനുബാഹുക്കളുമായിരുന്നു ആദ്‌സമൂഹം എന്ന് ഈ സൂക്തങ്ങളിൽനിന്ന് മനസ്സിലാക്കാം.

ആദ്‌വംശം ആവാസകേന്ദ്രമായി തെരഞ്ഞെടുത്ത അഹ്ഖാഫ് അക്കാലത്ത് വളരെ ഫലഭൂയിഷ്ടമായിരിക്കണം. കായബലം കൊണ്ടും കൗശലം കൊണ്ടും നാഗരികത വളർത്താനും ഇതര ജനങ്ങളെ കീഴടക്കാനും അവർക്ക് കഴിഞ്ഞിരുന്നു. ഈ കഴിവ് അവരെ കടുത്ത ധിക്കാരികളും നിഷ്ഠുരരുമാക്കുകയാണുണ്ടായത്. നൂഹി(അ)ൽനിന്ന് പാരമ്പര്യമായി കിട്ടിയ ഏകദൈവവിശ്വാസം വിസ്മൃതമായി. അവർ സ്വന്തമായി ദൈവങ്ങളെ സൃഷ്ടിച്ചു. സ്വമൂദ്, അൽഹുതാർ എന്നിവയാണ് അവർ ആരാധിച്ചിരുന്ന മുഖ്യ വിഗ്രഹങ്ങളെന്ന് ഇബ്നുഅബ്ബാസ് പറഞ്ഞതായി ഇബ്നു ഇസ്ഹാഖ് നിവേദനം ചെയ്യുന്നു. ഏകദൈവവിശ്വാസത്തിന്റെ സ്ഥാനത്ത് ബഹുദൈവത്വം കുടിയേറിയപ്പോൾ സമൂഹത്തിൽ അധർമങ്ങളും അക്രമങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പെരുകി. ഈ സന്ദർഭത്തിൽ അവരെ സംസ്കരിക്കാനും തൗഹീദിലേക്ക് വീണ്ടെടുക്കാനുമായി അല്ലാഹു അവരിൽനിന്നുതന്നെ ഒരാളെ- ഹൂദിനെ- തെരഞ്ഞെടുത്ത് പ്രവാചകനായി നിയോഗിച്ചു. പക്ഷേ, നൂഹി(അ)നുണ്ടായ അതേ അനുഭവമാണ് അദ്ദേഹത്തിനും നേരിടേണ്ടിവന്നത്. ജനം അദ്ദേഹത്തെ വിഡ്ഢിയെന്നും വഴിപിഴച്ചവനെന്നും മുദ്രകുത്തി തള്ളിക്കളഞ്ഞു. ഒടുവിൽ നൂഹിന്റെ ജനതയെപ്പോലെ അവരെയും അല്ലാഹു ഉന്മൂലനം ചെയ്തു. അവരുടെ ആവാസകേന്ദ്രമായിരുന്ന അഹ്ഖാഫ് കേവലം മരുപ്രദേശമായി മാറി. ഹൂദ് നബിയെയും അദ്ദേഹത്തിൽ വിശ്വസിച്ച ഏതാനും പേരെയും മാത്രം അല്ലാഹു രക്ഷപ്പെടുത്തി.

ഹൂദി(അ)നെക്കുറിച്ച് أَخَاهُمْ (അവരുടെ സഹോദരൻ) എന്നാണ് പറയുന്നത്. ഹൂദ് ആദ് വംശജൻ തന്നെയാണെന്നും സമൂഹത്തിലെ ഒരംഗം മറ്റംഗങ്ങളുടെ സഹോദരനാണെന്നുള്ള നിലക്കാണ് അവരുടെ സഹോദരൻ എന്ന് പരാമർശിച്ചതെന്നുമാണ് ഭൂരിപക്ഷം മുഫസ്സിറുകളുടെയും വീക്ഷണം. ആദ് വംശജനായിരുന്നില്ല ഹൂദ് എന്നും അതുകൊണ്ടാണ് അവരിൽ പെട്ടവൻ -منهم- എന്നു പറയാതെ അവരുടെ സഹോദരൻ എന്നും പറഞ്ഞതെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. ആദിന്റെ പിതാമഹൻ സാമിന്റെ മകൻ അർഫഖ്ശദിന്റെ മകൻ ശാലേഖിന്റെ മകനാണ് ഹൂദ് എന്നാണവരുടെ പക്ഷം. ഹൂദ് ആദ് വംശജനാണെന്ന് അഭിപ്രായപ്പെടുന്നവർ, അദ്ദേഹം ആ സമൂഹത്തിലെ ഒരു ഉന്നത കുടുംബത്തിൽ അംഗമായിരുന്നു എന്നും പറയുന്നു. അദ്ദേഹത്തിന് നാല് പുത്രന്മാരുണ്ടായി. ഖഹ്ത്വാൻ, മുഖ്ഹിത്, ഖാഹിത്, സ്വാലിഗ്. സ്വാലിഗാണ് മുദർ(مضر) ഗോത്രത്തിന്റെ കുലപതി. യമനികളുടെ പിതാമഹനാണ് ഖഹ്ത്വാൻ. മുഖ്ഹിതിനും ഖാഹിതിനും മക്കളില്ല. ഇബ്നു അബ്ബാസ് വഴി ഇസ്ഹാഖുബ്നു ബിശ്ർ ഉദ്ധരിച്ചതാണീ വിവരം.

അഹ്ഖാഫിനടുത്തുള്ള ഹദ്ർ മൗത്ത് പട്ടണത്തിൽ ഹൂദിന്റെ മഖ്ബറ എന്ന പേരിൽ പ്രസിദ്ധമായ ഒരു കല്ലറയുണ്ട്. ഈ മഖ്ബറ ഹൂദിന്റേതുതന്നെയാണെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഹൂദും കൂട്ടരും ജീവിച്ചത് ഈ പ്രദേശത്തായിരുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണത്. അഹ്ഖാഫ് നശിപ്പിക്കപ്പെട്ടപ്പോൾ ഹൂദ് നബിയും ശിഷ്യന്മാരും ഹദ്ർ മൗത്തിലേക്ക് രക്ഷപ്പെട്ടിരിക്കാം.

നൂഹ്(അ) പ്രബോധനം ചെയ്ത അതേ സന്ദേശങ്ങൾ തന്നെയാണ് ഹൂദും(അ) പ്രബോധനം ചെയ്തതെന്നും നൂഹ് നബിയെ എതിർത്ത അതേ രീതിയിൽതന്നെയാണ് ജനം ഹൂദ് നബിയെയും എതിർത്തതെന്നും ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. രണ്ട് ചരിത്രത്തിന്റെയും അവതരണത്തിൽ ലഘുവായ

പാഠഭേദങ്ങളേയുള്ളൂ. നൂഹ്(അ) 'ഞാൻ നിങ്ങൾക്ക് ഒരു മഹാ ദിനത്തിലെ ശിക്ഷ ഭയപ്പെടുന്നു' എന്നു പറഞ്ഞ സ്ഥാനത്ത് ഹൂദ് (അ) 'നിങ്ങൾ ദൈവഭക്തിയുള്ളവരാവാത്തതെന്ത്?'- أَفَلَا تَتَّقُونَ - എന്നാണ് പറയുന്നത്. രണ്ടിന്റെയും അടിസ്ഥാനാശയം ഒന്നുതന്നെയാണ്. അല്ലാഹുവിന് അടിമപ്പെട്ട് ജീവിക്കുന്നില്ലെങ്കിൽ നിങ്ങൾ ദൈവഭക്തിയുള്ളവരാകുന്നില്ല. ദൈവഭക്തിയില്ലാതാകുന്നതിന്റെ ഫലം ദൈവകോപവും മഹാശിക്ഷയുമായിരിക്കും. സൂറഃ *അശ്ശുഅറാഅ്* 135-ാം സൂക്തത്തിൽ إِنِّيٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ എന്നുതന്നെ ഹൂദി(അ)നെ ഉദ്ധരിക്കുന്നുണ്ട്. تقوى എന്ന മൂലത്തിൽനിന്നുള്ള ക്രിയയാണ് تَتَّقُونَ. തഖ്‌വയുടെ പല അർഥങ്ങളിൽ ഒന്നു മാത്രമാണ് ഭക്തി. ജാഗ്രത, ഭയം, കരുതൽ, സൂക്ഷ്മത, ദോഷമുള്ളത് വർജിക്കൽ എന്നിവ അതിന്റെ മറ്റർഥങ്ങളാണ്. ഈ അർഥങ്ങൾ പരിഗണിച്ചുകൊണ്ട് നിങ്ങൾ ജാഗ്രത കൈക്കൊള്ളുന്നില്ലേ, ദൈവശിക്ഷയെക്കുറിച്ച് കരുതലുള്ളവരാകുന്നില്ലേ, ഭയപ്പെടുന്നില്ലേ, ദുരാചാരങ്ങൾ വെടിയുന്നില്ലേ എന്നിങ്ങനെയും أَفَلَا تَتَّقُونَ എന്ന വാക്കിനെ തർജമ ചെയ്യാവുന്നതാണ്.

നൂഹ് നബിയുടെ ജനത അദ്ദേഹത്തെ തള്ളിപ്പറഞ്ഞത്, 'നിന്നെ ഞങ്ങൾ കാണുന്നത് ഒരു വഴിതെറ്റിയവനായിട്ടാണ്'- إِنَّا لَنَرَىٰكَ فِى ضَلَـٰلٍ - എന്നാണെങ്കിൽ ആദ് സമൂഹം പറയുന്നത് 'നീ മൂഢതയിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു'- إِنَّا لَنَرَىٰكَ فِى سَفَاهَةٍ - എന്നാണ്. രണ്ടിന്റെയും കാതലായ ആശയം ഒന്നുതന്നെ. ധിക്കാരികൾ എക്കാലത്തും സത്യപ്രബോധകരെ നേരിടാറുള്ളത് ഇങ്ങനെയാണ്. പ്രവാചകൻ പറയുന്നതൊക്കെ ശരിയാണ്, പക്ഷേ ഞങ്ങൾക്കത് സ്വീകരിക്കാൻ മനസ്സ് വരുന്നില്ല എന്ന് ആരും പറയാറില്ല. പ്രബോധകൻ കള്ളനാണ്, അയാൾ പറയുന്നതൊക്കെ സ്വാർഥലാഭങ്ങൾക്കുവേണ്ടിയാണ്, അല്ലെങ്കിൽ അയാൾക്ക് തനി കിറുക്കാണ്, അയാൾ അന്ധവിശ്വാസങ്ങൾക്കും മിഥ്യാഭ്രമങ്ങൾക്കും അടിപ്പെട്ടിരിക്കുകയാണ് എന്നൊക്കെയാണ് പണ്ടേ നിഷേധികൾ പറഞ്ഞുവരാറുള്ളത്. ഇന്നീ വായ്ത്താരികൾ പ്രവാചകന്മാരെ ഭർത്സിക്കുന്ന 'ഗവേഷണ പഠനങ്ങൾ', പരിഹസിക്കുന്ന നോവലുകൾ, നിന്ദിക്കുന്ന കാർട്ടൂണുകൾ എന്നിങ്ങനെ പല രൂപങ്ങളിലാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. നീ ദൈവത്താൽ നിയുക്തനായ പ്രവാചകനാണെന്നും നിന്നെ പിന്തുടർന്നില്ലെങ്കിൽ ഞങ്ങൾക്ക് മഹാ വിപത്തണയുമെന്നുമുള്ള നിന്റെ ഭീഷണിയുണ്ടല്ലോ, അത് നിന്റെ ഭള്ളുപറച്ചിൽ മാത്രമായേ ഞങ്ങൾ കേൾക്കുന്നുള്ളൂ എന്നാണ് وَإِنَّا لَنَظُنُّكَ مِنَ ٱلْكَـٰذِبِينَ (നീ പറയുന്നത് കള്ളമാണെന്ന് ഞങ്ങൾ കരുതുന്നു) എന്നതിന്റെ താൽപര്യം.

നൂഹ്(അ) وَأَنصَحُ لَكُمْ (ഞാൻ നിങ്ങൾക്ക് നല്ലതു വരണമെന്നാഗ്രഹിക്കുന്നു) എന്നു പറഞ്ഞ സ്ഥാനത്താണ് ഹൂദ് (അ) وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ (ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയാണ്) എന്നു പറയുന്നത്. സൂറഃ *അശ്ശുഅറാഅ്* 143-ാം സൂക്തത്തിൽ ഹൂദ് നബിയെ ഉദ്ധരിക്കുന്നത് إِنِّى لَكُمْ رَسُولٌ أَمِينٌ (ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു) എന്നാണ്. സൃഷ്ടികളോടുള്ള ഗുണകാംക്ഷ -അവർ ദൈവത്തിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും അവന്റെ അനുഗ്രഹത്തിന് പാത്രമാവുകയും ചെയ്യണമെന്ന നിഷ്കളങ്കമായ ആഗ്രഹം- ദൈവദൂതന്മാരുടെ മൗലികഗുണം അല്ലെങ്കിൽ ദൈവിക ദൗത്യത്തിന്റെ അടിസ്ഥാന പ്രചോദനം ആണെന്ന് نَاصِحٌ - رَسُولٌ (ദൈവദൂതൻ-ഗുണകാംക്ഷി) എന്നീ പദങ്ങൾ പര്യായങ്ങളെന്നോണം ഉപയോഗിച്ചതിൽനിന്ന് വ്യക്തമാകുന്നു. أمانة (വിശ്വസ്തത)ൽനിന്നുള്ള കർതൃപദമാണ് امين. خيانة(വഞ്ചന)-ന്റെ വിപരീതമാണത്. ദൈവദൂതന്റെ പ്രകടമായ മറ്റൊരു ഗുണമാണ് വിശ്വസ്തത. മുഹമ്മദ് നബി(സ) പ്രവാചകത്വത്തിന് മുമ്പുതന്നെ 'അൽ അമീൻ' എന്ന അപരാഭിധാനം നേടിയിട്ടുണ്ടായിരുന്നു. തങ്ങളിൽ ഏൽപിക്കപ്പെട്ട ദൗത്യം ഏറ്റക്കുറവുകളോ ഭേദഗതികളോ ഇല്ലാതെ യഥാവിധി നിർവഹിക്കേണ്ടവരും നിർവഹിക്കുന്നവരുമാണ് പ്രവാചകന്മാർ. ഞാൻ നിങ്ങളോട് പറയുന്നതൊന്നും കള്ളമോ പൊള്ളയോ ഭള്ളോ അല്ല; പ്രത്യുത അല്ലാഹു എന്നെ ഏൽപിച്ച സന്ദേശമെന്താണോ അത് തികഞ്ഞ വിശ്വസ്തതയോടെ, നിങ്ങളോടുള്ള നിഷ്കളങ്കമായ ഗുണകാംക്ഷയോടെ എത്തിച്ചുതരികയാണ് ഞാൻ ചെയ്യുന്നതെന്ന് വ്യക്തമാക്കുകയാണ് ഗുണകാംക്ഷി (ناصح), വിശ്വസ്തൻ (امين) എന്നിങ്ങനെ സ്വയം വിശേഷിപ്പിക്കുന്നതിലൂടെ ഹൂദ് (അ) ചെയ്യുന്നത്.

**69:** ഈ സൂക്തത്തിന്റെ ആദ്യവാക്യം നൂഹ് (അ) അദ്ദേഹത്തിന്റെ ജനതയോട് പറഞ്ഞതായി നേരത്തേ 63-ാം സൂക്തത്തിൽ ഉദ്ധരിച്ചതിന്റെ സംഗ്രഹമാണ്. തുടർന്ന് നൂഹിനു ശേഷം നിങ്ങളെ പ്രതിനിധികളാക്കി എന്നതിന്റെ വിവക്ഷ നൂഹിന്റെ ജനത അധിവസിച്ചിരുന്ന പ്രദേശങ്ങളിൽ നിങ്ങളെ അധിവസിപ്പിക്കുകയും അധികാരം നൽകുകയും ചെയ്തു എന്നല്ല; പ്രത്യുത നൂഹിന്റെ ജനതക്കു ശേഷം അവരെപ്പോലെ ശക്തിയും അധികാരവും സമ്പദ്സമൃദ്ധിയുമുള്ള ജനതയായി നിങ്ങളെ ഉയർത്തിക്കൊണ്ടുവന്നു എന്നാണ്. നൂഹിന്റെ ജനത വസിച്ചിരുന്നത് മധ്യപൗരസ്ത്യദേശത്തിന്റെ ഉത്തര ഭാഗത്തായിരുന്നു. അഹ്ഖാഫ് സ്ഥിതിചെയ്യുന്നത് ദക്ഷിണ ഭാഗത്താണ്. ഹൂദ് (അ) ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നത് ഇതാണ്: നിങ്ങളെ നൂഹിന്റെ ജനതയെപ്പോലെ ശക്തിയും സ്വാധീനവും സമ്പത്തുമുള്ളവരാക്കിയത് അല്ലാഹുവാണ്. അവരുടെ അതേ ചിന്താഗതികളും ആചാരസമ്പ്രദായങ്ങളും പിന്തുടരുകയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ അവർക്ക് സംഭവിച്ച ദുരന്തം തന്നെയാണ് നിങ്ങളെയും കാത്തിരിക്കുന്നത്. അല്ലാഹുവിന്റെ നടപടിക്രമം എല്ലാവർക്കും ഒന്നുതന്നെയാണ്.

മൂലത്തിലെ بَصْۜطَةً എന്ന പദം بسطة-ന്റെ മറ്റൊരു രൂപമാണ്. വൈപുല്യം, വിസ്താരം എന്നാണ് ഭാഷാർഥം. ഇവിടെ ഉദ്ദേശ്യം ശരീരത്തിന്റെ വലിപ്പവും ശക്തിയുമാണ്.

മൂലത്തിലെ خلق-നെയാണ് ഘടന എന്ന് തർജമ ചെയ്തിട്ടുള്ളത്. പദത്തിന്റെ ഭാഷാർഥം സൃഷ്ടി എന്നാണെങ്കിലും ഘടന, ആകാരം എന്നീ അർഥങ്ങളിലും ഉപയോഗിക്കുന്നു. അതാണ് ഇവിടെ ഉദ്ദേശ്യം. നിങ്ങളുടെ ആകാരത്തിൽ അല്ലെങ്കിൽ ഘടനയിൽ വിശാലതയരുളി എന്നും തർജമ ചെയ്യാവുന്നതാണ്. ഘടനാബലം എന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് ഇതാണ്. فِى ٱلْخَلْقِ بَصْۜطَةً എന്നതിൽ ശരീരത്തിന്റെ വലിപ്പവും ശക്തിയും എന്ന പോലെ ബുദ്ധിവൈഭവവും മേധാശക്തിയും കൂടി ഉൾപ്പെടുന്നു. സൂറഃ *അൽബഖറ*യിൽ ത്വാലൂത്തിനെ പരാമർശിച്ചിടത്ത് ഈ രണ്ട് ശക്തികളെയും വേർതിരിച്ചു പറഞ്ഞിട്ടുള്ളതിങ്ങനെയാണ്: وَزَادَهُۥ بَسْطَةً فِى ٱلْعِلْمِ وَٱلْجِسْمِ (അദ്ദേഹത്തിന് വർധിച്ച ജ്ഞാനബലവും ദേഹബലവും നൽകി). إِلَىٰ-ന്റെ (أَلَى-إِلَى എന്ന് ഇതിനു രണ്ടു പാഠഭേദമുണ്ട്) ബഹുവചനമാണ് ءالآ. ശക്തിവിശേഷം, ഗാംഭീര്യം, മഹത്വം, ദൃഷ്ടാന്തം, അത്ഭുത ശക്തി, അനുഗ്രഹം എന്നൊക്കെയാണ് إلى-ന് അർഥം. ദൃഷ്ടാന്തങ്ങൾ, അത്ഭുതശക്തികൾ, അനുഗ്രഹങ്ങൾ തുടങ്ങിയ അർഥങ്ങളാണ് ഇവിടെ കൂടുതൽ യോജിക്കുക. താൽപര്യമിതാണ്: നിങ്ങളുടെ പൂർവികരായ നൂഹിന്റെ ജനത ധിക്കാരികളായപ്പോൾ അല്ലാഹു അവരെ പ്രളയത്തിൽ മുക്കിയൊടുക്കി. പിന്നെ നൂഹിന്റെ പുത്രന്മാരിൽനിന്ന്, അവരേക്കാൾ ശക്തിയും സ്വാധീനവുമുള്ള ജനതയായി നിങ്ങളെ ഉയർത്തിക്കൊണ്ടുവന്നു. നിങ്ങൾക്ക് വർധിച്ച കായബലവും ബുദ്ധിവൈഭവവും പ്രദാനം ചെയ്തു. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളെയും ശക്തിവിശേഷങ്ങളെയും കുറിച്ച് ബോധമുള്ളവരായിരിക്കുവിൻ. അത് നിങ്ങളെ അവനോട് നന്ദിയും വിധേയത്വവുമുള്ളവരായി ജീവിക്കാൻ പ്രേരിപ്പിക്കും. അതാണ് നിങ്ങളുടെ ജീവിതം സഫലമാവാനുള്ള മാർഗം. ■